കളക്ടർ കടകിലെ കളക്ടറുമായി ആലോചിച്ച് പുതുതായി നിർമ്മിച്ച ജണ്ടകൾ പൊളിച്ചുമാറ്റും എന്ന് ഉറപ്പു നൽകിയിരുന്നെങ്കിൽപ്പോലും അത് പൊളിച്ചുമാറ്റുന്നതിനുപകരം കയ്യേറ്റത്തിനനുകൂലമായി ട്രഞ്ച് കീറുന്ന ഒരു പ്രോസസ് അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം അവിടെ ഞാൻ വീണ്ടും പോയിരുന്നു. കർണ്ണാടക ഫോറസ്റ്റ് അധികാരികളുമായി സംസാരിച്ച് തൽക്കാലം അത് നിറുത്തിവച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ ഫോട്ടോടുകൂടി അവർ വരാനും കേരളത്തിന്റെ ധാരാളം ഭൂമി കയ്യേറാനുമുള്ള സാഹചര്യം നിലനിൽക്കുന്നു. രാഷ്ട്രീയ നേതൃതലത്തിലോ സംസ്ഥാനാടിസ്ഥാനത്തിൽ ഉന്നതതലത്തിലോ ഈ വിഷയത്തിൽ ഒരു ശാശ്വത പരിഹാരമുണ്ടാക്കി നിലവിലെ അതിർത്തി അംഗീകരിക്കുന്ന തരത്തിൽ ഒരു തീർപ്പുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടയുടനെതന്നെ കളക്ടറോടും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനോടും സർവ്വേ ഉദ്യോഗസ്ഥരോടും ഇതുസംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടുകൾ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്ക് അയ്യൻകുന്ന് വില്ലേജിൽ ഉൾപ്പെടുന്നതും കേരള അതിർത്തിയിൽപ്പെടുന്നതുമായ സ്ഥലം കർണ്ണാടക വനം വകുപ്പുദ്യോഗസ്ഥർ കയ്യേറുന്നതായ റിപ്പോർട്ടിനെത്തുടർന്ന് സർവ്വേ അധികൃതർ നടത്തിയ പരിശോധനയിൽ കേരള അതിർത്തിയിൽ 7 മീറ്റർ വരെ കയ്യേറി പുതിയ ജണ്ടകൾ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള-കർണ്ണാടക സംസ്ഥാനത്തിലെ റവന്യൂ സർവ്വേ ടീമുകൾ ബന്ധപ്പെട്ട റിക്കോർഡുകൾ സഹിതം സംയുക്തമായി പരിശോധന നടത്തി അതിരുകൾ നിർണ്ണയിച്ച് ജണ്ടകളും സർവ്വേക്കല്ലുകളും പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അത് എത്രയും വേഗം ത്വരിതപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

4. നൂറുവർഷം പൂർത്തീകരിച്ച സ്കൂളുകൾക്ക് പ്രത്യേക പരിഗണന

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവ്വമായ ഒരു സംഭവമാണ് ചില ഗവൺമെന്റ് വിദ്യാലയങ്ങൾ 100 വർഷം പിന്നിട്ടിട്ടുണ്ടെന്നുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ 7 യു.പി. സ്കൂളുകളും 2 ഹയർ സെക്കണ്ടറി സ്കൂളുകളും 110 വർഷം പിന്നിട്ടിരിക്കുകയാണ്. ആയിരക്കണക്കിന് കുട്ടികൾക്ക് ഗവൺമെന്റ് മേഖലയിൽ തന്നെ പഠിക്കണമെന്ന ആഗ്രഹം, 100 വർഷങ്ങളായി കേരള സമൂഹത്തിൽ നിലനിൽക്കുകയാണ്. ഗവൺമെന്റ് അത് കണ്ടില്ല എന്ന് നടിക്കരുത്. അങ്ങനെയുള്ള പ്രധാനപ്പെട്ട 100 വർഷം പിന്നിട്ട

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം വിദ്യാലയങ്ങൾ എല്ലാ മണ്ഡലങ്ങളിലുമുണ്ട്. ആ വലിയ പരീക്ഷണ ഘട്ടത്തിൽ; വിദ്യാഭ്യാസരംഗത്ത് ആരും തിരിഞ്ഞുനോക്കാതിരുന്ന സമയത്ത്; സ്വകാര്യമേഖലയ്ക്ക് ഇതുകൊണ്ട് യാതൊരു ഗുണവുമില്ല എന്നുവിചാരിച്ച സമയത്ത്; കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവന്ന ഗവൺമെന്റുകൾ, ഡിപ്പാർട്ടുമെന്റുകൾ, പൊതുമേഖല എന്നിവയെ നിലനിർത്താനും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയുന്ന ഒരു സമീപനമെടുക്കണം. നിർഭാഗ്യവശാൽ ഇന്ന് വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യമേഖല കൊടികുത്തി വാഴുകയാണ്. അത് അവസാനിപ്പിക്കണമെങ്കിൽ സർക്കാർ മേഖലയിലുള്ള നിലവിലുള്ള വിദ്യാലയങ്ങളെ യെങ്കിലും സഹായിക്കണം. എന്റെ മണ്ഡലത്തിൽ എൽ.പി. സ്കൂളും യു.പി. സ്കൂളും നൂറുവർഷമായി പ്രവർത്തിക്കുകയാണ്. അതിനാൽ ഗവൺമെന്റ് മേഖലയിലുള്ള നൂറുവർഷം പിന്നിടുന്ന എല്ലാ സ്കൂളുകൾക്കും എന്തെങ്കിലും അവാർഡോ ഗിഫ്റ്റോ കൊടുക്കാൻ തയ്യാറാകണമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാനത്തെ ശതാബ്ദി പൂർത്തിയാക്കിയ സർക്കാർ സ്കൂളുകളുടെ ചരിത്രം രചിക്കുന്നതിനും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനും 2010-11-ലെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. ഈ കാലയളവിൽ ശതാബ്ദി പൂർത്തീകരിച്ച 675 സ്കൂളുകളാണ് നിലവിലുണ്ടായിരുന്നത്. അവയുടെ ചരിത്രം രചിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി കേരള ചരിത്ര ഗവേഷണ കൗൺസിലിന് നൽകിയിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തെ നൂറുവർഷം പൂർത്തീകരിച്ച സർക്കാർ സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്കായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതാണെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതനുസരിച്ച് എന്തൊക്ക പദ്ധതികളാണ് ഓരോ സ്കൂളുകളിലും ഏറ്റെടുത്ത് നടത്തുവാനുദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് സഹിതം ശിപാർശ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. 311 സ്കൂളുകൾ മാത്രമാണ് നിശ്ചിത സമയത്തിനകം ശിപാർശ ലഭ്യമാക്കിയത്. ഇക്കാര്യത്തിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്താതിരുന്നതിനാൽ നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീട് 2014-15 വർഷം വരെയുള്ള കാലയളവിനുള്ളിൽ 100 വർഷം പൂർത്തീകരിച്ച സർക്കാർ സ്കൂളുകളുടെ എണ്ണം ശേഖരിക്കുകയും ഈ സ്കൂളുകളിൽ വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന ശേഖരിച്ചതിൻപ്രകാരം സ്കൂൾ- ക്ലാസ് റൂം നിർമ്മാണം, പാചകപ്പുര, ഫർണ്ണിച്ചർ, സ്കൂൾ വാൻ, ചുറ്റുമതിൽ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ആകെ 937 സർക്കാർ സ്കൂളുകൾക്കായി 286.44 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ കൂടുതൽ താല്പര്യപൂർവ്വമുള്ള ഇടപെടലുകൾ നടത്തുന്നതും ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly